# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4814 04/07/2012 ൽ മറുപടിക്ക്

### പി. എസ്. സി. നിയമനങ്ങളിലെ കാലതാമസം

**ചോദ്യം:**

ശ്രീ. വി. ഡി. സതീശൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. പി. എ. മാധവൻ

(എ) പി. എസ്. സി. നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ പബ്ളിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് റിക്രൂട്ട്മെന്റ് പ്രക്രിയകൾ വേഗത്തിലാക്കുന്നതിനു വേണ്ടിയുള്ള യന്ത്രസംവിധാനങ്ങളുടെ പരമാവധി ഉപയോഗം പ്രയോജനപ്പെടുത്തുന്നുണ്ട്. അപേക്ഷ സ്വീകരിക്കുന്നതും, പരീക്ഷയുടെ ഹാൾടിക്കറ്റ് നല്കുന്നതും മാത്രമല്ല ഉത്തരക്കടലാസ് മൂല്യനിർണ്ണയവും യന്ത്രസഹായത്താലാണ് ചെയ്യുന്നത്. കമ്പ്യൂട്ടർവത്ക്കരണം എല്ലാ പി.എസ്.സി. ഓഫീസുകളിലും പൂർണ്ണമായിട്ടുണ്ട്. വിജ്ഞാപനം. പരീക്ഷാനടത്തിപ്പ്, മൂല്യനിർണ്ണയം. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ, അഡ്വൈസ് നൽകൽ എന്നീ രംഗങ്ങളിൽ മുൻഗണനാക്രമം നിശ്ചയിച്ച് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്ലാനിംഗ് ആന്റ് പ്രയോറിറ്റൈസേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഡിപ്പാർട്ട്മെന്റൽ പരിക്ഷകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും പരീക്ഷകൾ ഒ.എം.ആർ രീതിയിൽ മാറ്റുകയും ചെയ്തു. കുറ്റമറ്റ രീതിയിൽ വിവരവിതരണ സംവിധാനം ഒരുക്കുന്നതിനുവേണ്ടി പി.എസ്.സി. ഇൻഫർമേഷൻ സെന്റർ (കാൾ സെന്റർ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ആയതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; (സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ബി)യും (സി)യും റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ റാങ്ക് ലിസ്റ്റുകൾ, റിപ്പോർട്ട് ചെയ്ത ഒഴിവുകൾക്ക് അനുസൃതമായി തയ്യാറാക്കിവയ്ക്കണം എന്ന് സർക്കാർ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**